ജൂലായ് 2015 വാല്യം 8, ലക്കം 4 സ്വകാര്യ പ്രചരണത്തിനു മാത്രം

ശ്രീ രാം ചന്ദ്ര മിഷൻ

ECHOES
ഇന്ത്യ
വാർത്താപത്രിക

# മാസ്റ്ററുടെ വാർത്തകൾ



## ഏപ്രിൽ 2015

## ഗുജറാത്ത് പര്യടനം

ഏപ്രിൽ ഇരുപതാം തീയ്യതി ഉച്ചയ്ക്ക് കമലേഷ് ഭായ് അഹമ്മദാബാദിൽ വന്നിറങ്ങി. എയർപോർട്ടിൽ നിന്നദ്ദേഹം നേരെ തൻെറ വീട്ടിലേക്ക് പോയി. അട്ലജ് യോഗാശ്രമത്തിൽ സന്നിഹിതരായിരുന്ന അറുന്നോറോളം അഭ്യാസികൾക്ക് അദ്ദേഹം വൈകുന്നേരം ഏഴരക്ക് സത്സംഗം നടത്തി. സത്സംഗത്തിനുശേഷം എല്ലാ അഭ്യാസികളേയും അദ്ദേഹം കണ്ടു.

ഇരുപത്തിയൊന്നാം തീയ്യതി ആറരമണിക്ക് ആശ്രമത്തിൽ വെച്ച് മാസ്റ്റർ സത്സംഗം നടത്തി. അതിനുശേഷം അദ്ദേഹം ഹൃദയസ്പർശിയായ ഒരു പ്രഭാഷണം നടത്തി. ആത്മീയ ലോകത്തെക്കുറിച്ച് അധികം അറിയപ്പെടാത്ത പല കാര്യങ്ങളും വളരെ ലളിതവും സ്പഷ്ടവുമായ രീതിയിൽ അദ്ദേഹം വെളിപ്പെടുത്തി. ഈ ഭാഷണത്തിൽ നിന്നുള്ള ചില ഭാഗങ്ങൾ:

- ഗുരുശിഷ്യബന്ധം വിശദീകരിച്ചുകൊണ്ട് മാസ്റ്റർ പറഞ്ഞു, ഒരു ഗുരു ശിഷ്യനെ ഏഴുമാസം തൻെറ മനസ്സിൽ സൂക്ഷിക്കുകയും പിന്നീട് തേജോലോക ത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. ശിഷ്യൻ സാധനയുടെ എല്ലാവശങ്ങളും അത്യുത്സാഹത്തോടെ ചെയ്യുകയും തൻെറയുള്ളിൽ ഗുരുവിനോടുള്ള സ്നേഹം മാത്രം നിലനിർത്തുകയും ചെയ്താൽ ഏഴ് മാസത്തിൽ തന്നെ ഈ പ്രതിഷ്ഠ സാധ്യമാകും. പക്ഷെ പലപ്പോഴും നിസ്സാരകാര്യത്താൽ ശിഷ്യൻ ഗുരുവിൻെറ മനസ്സിൽ നിന്നും സ്വയം വേർപെട്ടു വരുന്നു.
- നിങ്ങളിലുള്ള ദൈവീകസ്നേഹത്തെ എല്ലാവർക്കും ഒരുപോലെയും നിയതമായും അനുഭവിക്കാൻ സാധിക്കണം.
- ഒരു സാധകൻെറ ഏറ്റവും വലിയ വെല്ലുവിളി തന്നിൽ ചൊരിയപ്പെട്ടിരിക്കുന്ന അവസ്ഥയെ ധ്യാനത്തിനു ശേഷവും നിലനിർത്തുക എന്നതാണ്.

പ്രഭാഷണത്തിനുശേഷം വീട്ടിലേക്ക് പോയ അദ്ദേഹം വൈകുന്നേരം 7 മണിയുടെ സത്സംഗത്തിനായ് എല്ലാ അഭ്യാസികളും സ്വവസതിയിൽ തന്നെയിരിക്കുവാൻ അഭ്യർത്ഥിച്ചു. ബുധനാഴ്ച്ച അദ്ദേഹം നവ്ജീവൻ എക്സ്പ്രസ്സ് ട്രെയിനിൽ സൂറത്തിലേക്ക് പോയി.

ഏപ്രിൽ 22 രാവിലെ പതിനൊന്നുമണിയോടെ സൂറത്തിലെത്തിയ കമലേഷ് ഭായ് ഒരഭ്യാസിയുടെ വസതിയിലേക്ക് പോയി. രണ്ട് മണിയോടെ അദ്ദേഹം സൂറത്തിലെ പുതിയ ധ്യാനമന്ദിരത്തിൻെറ പ്രമാണത്തിൽ ഒപ്പുവെച്ചു. പുതിയ ധ്യാനമന്ദിരത്തിനായി നിശ്ചയിച്ചിരുന്ന സ്ഥലത്ത്വെച്ച് വൈകുന്നേരം 5 മണിക്ക് സത്സംഗം നടത്തി. തെക്കൻഗുജറാത്തിൽനിന്നുള്ള വിവിധ സെൻററുകളിൽ നിന്നുള്ള മുന്നൂറോളം അഭ്യാസികൾ സന്നിഹിത രായിരുന്നു. സത്സംഗത്തിനുശേഷം മാസ്റ്റർ ഒരു ലഘു പ്രഭാഷണം നടത്തി. ദീർഘനാളത്തെ കാത്തിരുപ്പിനുശേഷം സൂറത്തിന് ഒരു ധ്യാനമന്ദിരം ലഭിക്കാൻ പോകുന്നതിൽ താൻ സന്തുഷ്ട നാണെന്ന് അദ്ദേഹം പറഞ്ഞു. ഈ ധ്യാനമന്ദിരത്തിനെ നൂതന രീതിയിൽ വാർത്തെട ുക്കുവാൻ അദ്ദേഹം എല്ലാ അഭ്യാസികളോടും ആഹ്വാനം ചെയ്യുകയും എത്രയും പെട്ടെന്ന് ഈ ആശ്രമം ഉദ്ഘാടനം ചെയ്യാൻ വീണ്ടും അവിടെ വരാൻ താത്പര്യ പ്പെടുകയും ചെയ്തു. വൈകു ന്നേരം ആറരയ്ക്ക് അദ്ദേഹം ഭറുച്ചിലേക്ക് പോയി.



ഹൈവേയിലെ തിരക്കു കാരണം രാത്രി എട്ടേ മുക്കാലോടു കൂടിയേ അദ്ദേഹ ത്തിന് ഭറുച്ചിൽ എത്താൻ സാധിച്ചുള്ളൂ. ആകാംക്ഷയോടെ അദ്ദേഹത്തിൻെറ വരവ് പ്രതീക്ഷിച്ചിരുന്ന എല്ലാ അഭ്യാസികൾക്കും അദ്ദേഹം രാത്രി ഒൻപത് മണിക്ക് സത്സംഗം നടത്തി.

23–ന രാവിലത്തെ സത്സംഗത്തിനു ശേഷം അദ്ദേഹം, അവശ്യം വേണ്ടിയിരുന്ന വിശ്രമത്തിനായി പോയി. 11:30–ന വഡോദരക്ക്



പോകുന്നതിനു മുൻപായി അദ്ദേഹം എല്ലാ അഭ്യാസികളേയും കണ്ടു.

കമലേഷ് ഭായ് വഡോദരയിൽ 1 മണിയോടെ എത്തിച്ചേർന്നു. സത്സംഗത്തിനുശേഷം അദ്ദേഹം ഒരു ലഘു പ്രഭാഷണം നടത്തി. സത്സംഗത്തിന്റെ സമയത്ത് മുകളിൽ നിന്നും ദൈവകൃപയുടെ പ്രവാഹമുണ്ടായതിൽ താൻ സന്തോഷവാനാണെന്ന് പറഞ്ഞ അദ്ദേഹം അന്ന് രാത്രി 10–നും പിറ്റേന്ന് രാവിലെ 6:30–നും സത്സംഗങ്ങൾ ഉണ്ടായിരിക്കുന്നതാണെന്നറിയിച്ചു. അദ്ദേഹം എല്ലാ അഭ്യാസികളോടും തങ്ങളുടെ ഗൃഹങ്ങളിൽ തന്നെ ഈ സത്സംഗങ്ങൾക്കിരുന്നാൽ മതിയെന്നും പറഞ്ഞു.

വിവിധ ആശ്രമങ്ങളിലെക്കായുള്ള സൗരോർജ്ജ ഉപകരണങ്ങളെക്കുറിച്ച് വിശദീകരിക്കുവാൻ വന്നൊരു അതിഥിയുമൊത്ത് സത്സംഗത്തിനുശേഷം കമലേഷ് ഭായ് ആശ്രമത്തിൽ ചുറ്റികറങ്ങി. ആ വേളയിലദ്ദേഹം പ്രകൃതിയുടെ വിവിധ ഭാവങ്ങളേക്കുറിച്ച് സംസാരിച്ചു. ആ അതിഥിക്കും അവിടെയുണ്ടായിരുന്ന അഭ്യാസികൾക്കുമായി റിലാക്സേഷൻ വിദ്യ ഉപദേശിച്ചു കൊണ്ടുള്ള യോഗം കമലേഷ് ഭായ് പഴയ ധ്യാനമന്ദിരത്തിൽ നടത്തി. പിന്നീടദ്ദേഹം തന്നെ കാണുവാനായി കാത്ത് നിന്നിരുന്ന കുട്ടികളുമായി സമയം പങ്കിട്ടു. വിവിധ സുഖചികിത്സ പദ്ധതികളെപ്പറ്റി, സൗരോർജ്ജത്തിനെ ഉദാഹരിച്ചു കൊണ്ട്, അദ്ദേഹം സംസാരിച്ചു. കോട്ടേജിലേക്ക് തിരികെ പോകുമ്പോൾ അദ്ദേഹം നിരവധി അഭ്യാസികളെ അഭിവാദനം ചെയ്തു.

മിഷന്റെ കുറച്ച് ജോലികൾ ചെയ്ത്കൊണ്ട് അന്ന് അവിടെ തങ്ങിയ അദ്ദേഹം വെള്ളിയാഴ്ച കാലത്ത് അഹമദാബാദിലേക്ക് പോയി.

24–നു വൈകുന്നേരം പൂജ്യ കമലേഷ് ഭായ് പ്രിസപ്റ്റർമാരാക്കുവാനായി തിരഞ്ഞെടുക്കപ്പെട്ടവരോട് തന്റെ വസതിയിലേക്കൊരു സിറ്റിംഗിനായി വരുവാനാവശ്യപ്പെട്ടു. 25–ാം തിയ്യതി അവർക്ക് രണ്ട് സിറ്റിംഗുകൾ നൽകിയശേഷം പ്രിഫക്ടുമാരായി പ്രവർത്തിക്കുവാൻ അവർക്ക് അനുമതി നൽകി. ഭണ്ഡാരയ്ക്ക് മുൻപായി രാജ്യത്തിന്റെ പടിഞ്ഞാറ് ഭാഗത്തിനു ലഭിച്ച വിശേഷാൽ സന്ദർശനം അവസാനിപ്പിച്ച് കൊണ്ടദ്ദേഹം അന്ന് വൈകുന്നേരം ഹൈദരബാദിലേക്ക് പുറപ്പെട്ടു.

## ഹൈദരാബാദ്

നമ്മുടെ പ്രിയങ്കരനായ ചാരിജി മഹരാജ് തന്റെ ഹൃദയത്തോട് ചേർത്ത് വെച്ചിരുന്നൊരു പദ്ധതിയുണ്ടായിരുന്നു – ഷാജഹാൻപൂരിൽ ബാബുജിക്കായി മനോഹരമായൊരു സമാധി നിർമ്മിക്കുക. സ്ഥലപരിമിതിയായിരുന്നു അതിനു പ്രതിബന്ധം. ഹൈദരാബാദിൽ കൻഹ പദ്ധതിക്ക് വേണ്ടി സ്ഥലമെടു ത്തപ്പോൾ ചാരിജി തന്റെ പൂജ്യ ഗുരുവിനായുള്ള അതുല്യ മായൊരു സ്മാരകം ഇവിടയാക്കാമെന്ന് നിശ്ചയിച്ചു. പിന്നീടാണ് കൻഹയിൽ ബാബുജിയുടെ വലിയൊരു പ്രതിമ, അദ്ദേഹമാരംഭിച്ച നവസംസ്കൃതിക്കായി സമർപ്പിച്ച സൗധ ത്തിന്റെ മുകളിൽ സ്ഥാപിക്കുന്നതിന്റെ പദ്ധതി ആരംഭിച്ചത്. ഹൃദയാകൃതിയിലുള്ള ഇസോടെറിക് ചിഹ്നത്തിന്റെ മാതൃകയിൽ നിർമ്മിക്കുന്ന ഈ കെട്ടിടം ഹൈദരാബാദിലേക്ക് വന്ന് പോകുന്ന വിമാനങ്ങളിൽ നിന്ന് കാണുവാനാകും. വിമാനത്താവള അധികാരികൾ വ്യവസ്ഥപെടുത്തിയിട്ടുള്ള 52 അടിയായി ഇതിന്റെ ഉയരം പരിമിതപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമിവിടേക്ക് ആളുകൾ കൂട്ടത്തോടെയെത്തുമെന്നും ഇത് വളരെ പ്രശസ്ത്മായൊരു പ്രകാശ കേന്ദ്രമാകുമെന്നും വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. ഏപ്രിൽ 26, ഞായറാഴ്ച ബാബുജി മഹരാജിന്റെ പ്രതിമ, പൂജ്യ കമലേഷ് ഭായിയുടെ മേൽനോട്ടത്തിൽ സ്ഥാപിക്കപ്പെട്ടു. ഒരു ഉത്തമ കലാസൃഷ്ടിയായ അതിന്റെ ഉയരം 30 അടിയാണ്. പ്രസന്നവും ഭാവാത്മകവുമാണതിന്റെ വദനം, കൂടാതെ കൈകൊണ്ട് പണിത വിശദാംശങ്ങൾ ജീവൻ തുടിക്കുന്നതാണ്. പഞ്ചലോഹത്താലും കളിമണ്ണിന്റെ മാതൃകകളിൽ നിന്നും വാർത്തെടുത്ത, അതി മനോഹരമായി കൂട്ടിവിളക്കിയ എകദേശം നൂറോളം ലോഹപാളികളാലുമാണ തിന്റെ നിർമ്മാണം നിർവ്വഹിച്ചിരിക്കുന്നത്. പ്രതിമയുടെ ഭാരം പതിമൂന്ന് ടൺ ആണ്.





## മെയ് 2015

### ഉന്നാവൊ

ലഖ്നൗ ഭണ്ഡാര കഴിഞ്ഞ ശേഷം മെയ് രണ്ടാം തിയ്യതി ഉന്നാവൊ കേന്ദ്രം സന്ദർശിക്കുവാൻ കമലേഷ് ഭായ് തീരുമാനിച്ചു. രാവിലെ 11 മണിയോടെ പുറപ്പെട്ട അദ്ദേഹം ലഖ്നൗവിൽ നിന്നും 70 കി.മി അകലെയുള്ള ഉന്നാവൊ കേന്ദ്രത്തിൽ ഉച്ചയ്ക്ക് 12.30 മണിയോടെ എത്തിച്ചേർന്നു. ധ്യാനമന്ദിരത്തിൽ അദ്ദേഹം സത്സംഗം നടത്തി. ' എങ്ങിനെ മാസ്റ്ററെ പോലെയാവാം' എന്ന വിഷയത്തെകുറിച്ച് അദ്ദേഹം ഒരു ചെറു പ്രഭാഷണം നടത്തി. "ബാബുജി പറഞ്ഞുതന്നിട്ടുള്ള ഒരു പദ്ധതിയുണ്ട്. പറയുവാൻ മടിയുള്ളതാണ് എനിക്ക് പങ്കു വെക്കുവാനുള്ളത്. മാസ്റ്ററുടെ ഗുണങ്ങൾ സ്വീകരിക്കുവാൻ ആഗ്രഹമുള്ള ആൾ രാത്രി 12 മണിയ്ക്കും 2 മണിയ്ക്കുമിടയിൽ 15-20 മിനുട്ട് നേരം 'മാസ്റ്ററുടെ എല്ലാ ഗുണങ്ങളും എന്റെ ഹൃദയത്തിലേയ്ക്ക് വരുന്നു' എന്ന പ്രാർത്ഥനാപൂർണ്ണമായ സങ്കൽപ്പത്തോടെ ധ്യാനിക്കണം.' "നിങ്ങൾക്കതു ചെയ്യുവാൻ സാധിക്കുന്നില്ലെങ്കിൽ വിഷമിക്കേണ്ടതില്ല. ബാബുജിക്ക് ഈ കാര്യം ആരേയും അറിയിക്കണമെന്നില്ലായിരുന്നു. അഭ്യാസികൾക്ക് പരിശീലിക്കാൻ ധാരാളം കാര്യങ്ങളുണ്ട്. അതിനിടയിലൊന്നുകൂടെ." അദ്ദേഹം കൂട്ടിച്ചേർത്തു. ഉച്ച ഭക്ഷണവും അൽപ്പം വിശ്രമവും കഴിഞ്ഞശേഷമാണ് അദ്ദേഹം ലഖ്നൗ ആശ്രമത്തിലേയ്ക്ക് മടങ്ങിയത്.

### സീതാപൂർ

മൂന്നാം തിയ്യതി രാവിലെ 7.30നു സീതാപൂരിലെത്തിയ അദ്ദേഹം സത്സംഗം നടത്തി. ഇതിനു ശേഷം അദ്ദേഹം മരങ്ങൾ നടുകയും ആശ്രമം ചുറ്റിക്കാണുകയും ചെയ്തു. ഭക്ഷണശാലയ്ക്ക് സമീപമെത്തിയ അദ്ദേഹം അഭ്യാസികൾക്ക് ഭക്ഷണം വിളമ്പി.

ഒൻപതു മണിയോടെ ലഖ്നൗവിലേയ്ക്ക് മടങ്ങി. വഴിയിൽ വെച്ച് പല കാര്യങ്ങളെകുറിച്ചും അദ്ദേഹം സംസാരിച്ചു.

"സ്വയം വിമർശിച്ച് വിലകുറയ്ക്കരുത്. നിങ്ങൾ നിങ്ങളെ തന്നെയാണ് മുറിവേൽപ്പിക്കുന്നത്. നിങ്ങൾ വിമർശിക്കുന്ന ആൾ ഇവിടെയില്ല അയാൾക്കൊന്നും സംഭവിക്കുന്നുമില്ല. നിങ്ങൾ നിങ്ങളെ തന്നെയാണ് വിഷലിപ്തമാക്കുന്നത്. അനിഷ്ടവും വിദ്വേഷവും കലർന്ന സ്നേഹം പരക്കുമ്പോൾ എന്താണുണ്ടാവുക? മറ്റുള്ളവരല്ല, നിങ്ങളാണ് ചീത്തയാവുന്നത്."

കോട്ടേജിന്റെ വരാന്തയിലൊത്തുചേർന്ന എല്ലാ സന്നദ്ധ സേവകരേയും ഉച്ചയ്ക്ക് 2 മണിയ്ക്ക് അദ്ദേഹം കണ്ടു. ചെറുഭാഷണങ്ങളും ചിരികളും നിറഞ്ഞ ഈ വേള ഗ്രൂപ്പ് ഫോട്ടൊയിൽ അവസാനിച്ചു. വൈകീട്ട് 6 മണിയ്ക്ക് പ്രധാന ധ്യാനമന്ദിരത്തിൽ സത്സംഗം നടത്തി.

### ദില്ലി

നാലാം തിയ്യതി കമലേഷ് ഭായ് ദില്ലിയിൽ എത്തി. അധികം വൈകാതെ തന്നെ അദ്ദേഹം പുതിയ ആശ്രമത്തിന്റെ രൂപരേഖയും ആശയങ്ങളും പഠിക്കുകയും പുനഃപരിശോധിക്കുകയും ചെയ്തു. വൈകീട്ട് 6 മണിയ്ക്ക് അദ്ദേഹം ഗുർഗാവ് ആശ്രമത്തിൽ സത്സംഗം നടത്തി. ആത്മീയാന്വേഷകരെ എങ്ങിനെ നമ്മുടെ പദ്ധതിയിലേക്കാകർഷിക്കാം എന്ന വിഷയത്തെക്കുറിച്ച് അദ്ദേഹം ഒരു ചെറു പ്രഭാഷണം നടത്തി. "നമ്മുടെ നിത്യസാധനയിൽ തുടങ്ങുകയെന്നത് പധിപ്രധാനമാണ്. ഉള്ളിലുള്ള ശാന്തതയും സമാധാനവും ആഹ്ലാദകരമായ അവസ്ഥയുമെല്ലാം ഒന്നു ചേർത്തുകൊണ്ട് നാം മറ്റുള്ളവരോട് സംസാരിക്കുമ്പോഴും ഇടപെടുമ്പോഴും നമ്മുടെ പ്രവൃത്തികൾ ചെയ്യുമ്പോഴും നമ്മുടെ ചിന്തകളും ആശയങ്ങളും അവരിലെത്തും. ആർദ്രഭാവത്തോടെ ഒരാള സ്പർശിക്കുന്ന പോലാണിത്. അത്രയും ശക്തമാണ് നമ്മുടെ ചിന്തകൾ. നമ്മൾ പരിശീലിക്കുമ്പോൾ സ്നേഹഭാവം ഉള്ളിൽ നിലനിൽക്കുകയും, എന്തെങ്കിലും സ്പർശിക്കുന്ന നേരത്തും ആരേയെങ്കിലും നോക്കുന്ന നേരത്തും നമ്മളെന്തു കേൾക്കുമ്പോഴും ഈ ഭാവം പ്രസരണം ചെയ്യപ്പെടും. ബോധപൂർവം ഇതു ചെയ്യാൻ ശ്രമിക്കുക. സംസാരിക്കുമ്പോൾ നിങ്ങളുടെ സ്നേഹം പ്രസരിപ്പിക്കുവാൻ ബോധപൂർവം ശ്രമിക്കുക."

"ആളുകൾ നമ്മുടെ പദ്ധതിയിൽ തുടരുന്നുണ്ടോ ഇല്ലയോ എന്നതല്ല കാര്യം. പക്ഷെ നമ്മളുടെ സാ ന്നിദ്ധ്യം എല്ലാ കുടുംബങ്ങളും അറിയണമെന്നായിരുന്നു സ്വാമി വിവേകാനന്ദന്റെ ആഗ്രഹം എന്നു ബാബുജി പറയുമായിരുന്നു. അവർക്ക് വേണ്ടപ്പോൾ സഹജമാർഗ്ഗമുണ്ട്. നമ്മളെപ്പോഴും സന്നദ്ധരാണ്."

യൂറോപ്പ്യൻ പര്യടനം ആരംഭിക്കുന്നതിനായി അദ്ദേഹം രാത്രി 11:30നു ദില്ലി അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് പോയി





## യുറോപ്യൻ സന്ദർശനം

**2015 മെയ് 5 മുതൽ 25 വരെ**

ഇറ്റലിയിലെ മിലൻ സന്ദർശിച്ചുകൊണ്ടാണു ആദരണീയ കമലേഷ്ഭായിയുടെ യൂറോപ്യൻ പര്യടനം ആരംഭിച്ചത്. മെയ് 6-നു അദ്ദേഹം മിലനിലെ പുതിയ ധ്യാനകേന്ദ്രം ഉദ്ഘാടനം ചെയ്യുകയും അന്നു തന്നെ അയോസ്റ്റ(ഇറ്റലി) കേന്ദ്രം സന്ദർശിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം സ്വിറ്റ്സർലണ്ടിലെ ലൊസേനിലേക്ക് പോവുകയും അവിടെ പുതിയ ആശ്രമത്തിൽ സത്സംഗം നടത്തുകയും ചെയ്തു. ഫ്രാൻസിലെ മോണ്ട്പീലിയർ, പെർപിനാൻ എന്നീ കേന്ദ്രങ്ങൾ സന്ദർശിച്ചതിനു ശേഷം അദ്ദേഹം സ്പെയിനിലെ ബാർസിലോണയിലേക്ക് പോയി. ബാർസിലോണയിൽ അദ്ദേഹം സംഘടിപ്പിച്ച 'ഹൃദയ നിർഭരം'(ഹാർട്ട്ഫുൾനസ്സ്) എന്ന പരിപാടി പങ്കെടുത്ത മുഴു വൻ അതിഥികൾക്കും ഹൃദയസ്പർശിയായി അനുഭവപ്പെട്ടു. മുഴുവൻ പേരും അവസാനത്തെ ധ്യാനം വരെ അവിടെ കാത്തു നിൽക്കുകയും പരിശീലനം ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു. കമലേഷ്ഭായ് പോർച്ചുഗലിലെ ലിസ്ബൺ കേന്ദ്രം സന്ദർശിക്കുകയും അവിടെ നിന്നും മൂന്നു ദിവസത്തെ 'ഹൃദയനിർഭരം' സമ്മേളനം (ഹാർട്ട്ഫുൾനസ്സ് സെമിനാർ) നടത്താനായി ഫ്രാൻസിലെ ലിയോണിലേക്ക് പോവുകയും ചെയ്തു.

മെയ് 15 മുതൽ 17 വരെ ലിയോണിൽ നടന്ന സെമിനാറിൽ യൂറോപ്പിൽ ആകമാനമുള്ള 2600-ലേറെ അഭ്യാസികൾ സമ്മേളിച്ചു. ഈ സമ്മേളനത്തിനിടയിൽ ശ്രീ രാം ചന്ദ്രയുടെ സമ്പൂർണ്ണ കൃതികൾ അഞ്ചാം വാല്യത്തിന്റെ ആർക്കൈവൽ എഡിഷൻ പ്രകാശനം ചെയ്തു. 2014-ൽ മണപ്പാക്കത്ത് നടത്തിയ ആദ്യ യുവസമ്മേളനത്തിൽ കമലേഷ്ഭായ് നടത്തിയ പ്രഭാഷണങ്ങൾ സമാഹരിച്ച *വിധിയെ രൂപകൽപനചെയ്യൽ (ഡിസൈനിംഗ് ഡസ്റ്റിനി)* എന്ന ഗ്രന്ഥത്തിന്റെ ഫ്രഞ്ച് പതിപ്പിന്റെ പ്രകാശനവും നടന്നു. ഫ്രാൻസിലേയും ബെൽജിയത്തിലേയും യുവ അഭ്യാസികളാണ് ഇതിന്റെ മൊഴിമാറ്റം നിർവ്വഹിച്ചത്. പരിമിതപ്പെടുത്തിയ ഈ ഫ്രഞ്ച് പതിപ്പിന്റെ ശീർഷകം *ക്യ'ഈർ നൊറ്റ്രെ ഡെസ്റ്റിനീ* എന്നാണ്.



വിവിധ വിഷയങ്ങളിൽ പര്യാലോചന ചെയ്യാനും പരസ്പരം ഇടപഴകാനും അനുവദിച്ചുകൊണ്ട്, സമ്മേളനത്തിലുടനീളം യുവാക്കൾക്കായി പ്രത്യേകയോഗങ്ങളുമുണ്ടായി. പരസ്പര ബന്ധങ്ങൾ ദൃഢപ്പെടുത്തുവാനും അതോടൊപ്പം തന്നെ പക്വമായ സമീപനങ്ങളിലൂടെ ആത്മീയപുരോഗതി കൈവരിക്കുവാനും ഇത് നല്ലൊരവസരമായിരുന്നു. ആദ്യയോഗത്തിൽ കമലേഷ്ഭായ് അവരോട് സംസാരിച്ചു. കമലേഷ്ഭായിയുടേയും മറ്റു പല യുവപ്രഭാഷകരുടേയും സംഭാവനകളാൽ സംഭാഷണങ്ങൾ മനോഹരവും ആത്മപ്രചോദിതവുമായിരുന്നു. യോഗത്തിലുടനീളം ചിരിയും കൈയ്യടിയും നിറഞ്ഞുനിന്നു.









പൊതുജനത്തിന് 'ഹൃദയനിർഭരം' അനുഭവിച്ചറിയുന്നതിനായി രണ്ട് യോഗങ്ങൾ ഉണ്ടായി. പുറമേ നിന്ന് ഏതാണ്ട് 1000 ആളുകൾ ഈ ചടങ്ങിൽ പങ്കുകൊണ്ടു. 17–ാം തിയ്യതി രാവിലെ 7.30ന്റെ സത്സംഗത്തിനു ശേഷം കമലേഷ് ഭായ് നാലു കല്യാണങ്ങൾ നടത്തിക്കൊടുത്തു. ലയോണിൽ നിന്നും അദ്ദേഹം റൊമാനിയയിലുള്ള ടിമിസ്വാറയിലേക്ക് പുറപ്പെട്ടു.

ടിമിസ്വാറയിലുള്ള ദ്വിദിന സെമിനാർ മെയ് 18 നു രാവിലെ 7.30 ന്റെ സത്സംഗത്തോടെ ഔപചാരികമായി ആരംഭിച്ചു. ഇരുനൂറിൽപരം അഭ്യാസികൾ ഇതിൽ പങ്കുകൊണ്ടു. അതിൽ കൂടുതൽ പേരും റൊമാനിയയിൽ നിന്നുള്ളവരായിരുന്നു. പിന്നെ സെർബിയ, മൊൾഡാവിയ എന്നിവിടങ്ങളിൽ നിന്നു കുറച്ചുപേരും ഉണ്ടായിരുന്നു. ടിമിസ്വാറയിൽ നിന്നും വിയന്നയിലേക്ക് പോകുന്നവഴി, കമലേഷ് ഭായ് ഹംഗറിയിലുള്ള ബുഡാപെസ്റ്റിൽ നിർത്തുകയും അവിടെയുള്ള പ്രാദേശിക അഭ്യാസികൾക്കായി സത്സംഗം നടത്തു കയും ചെയ്തു. അവിടെ നിന്നും ലഘുഭക്ഷണം കഴിച്ചശേഷം ഓസ്ട്രിയയിലുള്ള വിയന്ന യിലേയ്ക്ക് പോവുകയും അവിടെ വൈകുന്നേരത്തോടെ എത്തുകയും ചെയ്തു. അവിടെ മെയ് 21–നു ഒരു ഒരുദിവസത്തെ സെമിനാർ നടത്തിയശേഷം അദ്ദേഹം ഡെൻമാർക്കിലുള്ള റാഡ്സ് സാൻെറയിലേക്ക് പുറപ്പെട്ടു.

22–ാം തിയ്യതി റാഡ്സ് സാൻെറയിൽ തുടങ്ങിയ സെമിനാറിൽ, അഭ്യാസികൾ വളരെ ഗൗരവമായ കാര്യപരിപാടിയിൽ മുഴുകിയിരുന്നു. കുറെക്കാലമായി അഭ്യാസികളായിരുന്നവരും പുതിയ അഭ്യാസികളും ഉൾപ്പടെ, യൂറോപ്പിന്റെ എല്ലാഭാഗത്തു നിന്നും ഏകദേശം 1200 പേർ ഇതിൽ പങ്കെടുക്കുകയുണ്ടായി. എല്ലാദിവസവും മൂന്ന് സത്സംഗങ്ങളും കൂടെ പ്രഭാഷണങ്ങളും ഉണ്ടായിരുന്നു. നമ്മുടെ ക്രമേണയുള്ള വികാസത്തിനും, ഈ സന്നിഗ്ദ്ഘട്ടത്തിൽ ഭൂമിയിലെ പൊതുബോധത്തിന്റെ വികാസത്തിനുമുതകുന്ന ഗഹനമായ വിഷയങ്ങളെ തുറന്നു കാട്ടുന്നതായിരുന്നു ഈ പ്രഭാഷണങ്ങൾ.



23–ാം തിയ്യതി, ധ്യാനകൂടാരത്തിൽ വച്ച് 'ഹൃദയനിർഭരം' നെക്കുറിച്ച് എല്ലാ അഭ്യാസികൾക്കുമായി ഒരു അവതരണം ഉണ്ടായി. ഉച്ചയ്ക്കുശേഷം, പ്രാദേശിക സന്ദർശകർക്കായി ഡാനിഷ് ഭാഷയിൽ 'ഹൃദയനിർഭരം'–നെക്കുറിച്ച് പരീക്ഷണാർത്ഥം ഒരു യോഗം നടത്തി. ഏകദേശം 40 പേർ വരുകയും അതിൽ മിക്കവരും ആദ്യത്തെ സിറ്റിംഗ് എടുക്കുവാൻ തയ്യാറാവുകയും ചെയ്തു. ഞായറാഴ്ച ഉച്ചയ്ക്കുശേഷം ഇതുപോലൊരു യോഗം കൂടി നടത്തി. വൈകുന്നേരം 5 മണിക്കുള്ള സത്സംഗത്തിനുശേഷം, കമലേഷ് ഭായ്, നാലു വയസ്സ് മുതൽ പതിനേഴ് വയസ്സ് വരെയുള്ള കുട്ടികളുമായി കുറച്ച് സമയം ചിലവഴിച്ചു.



മെയ് 25–നു സെമിനാർ അവസാനിക്കുകയും അതോടുകൂടി കമലേഷ് ഭായിയുടെ യൂറോപ്യൻ സന്ദർശനം പൂർത്തിയാവുകയും ചെയ്തു.

കമലേഷ് ഭായിയുടെ യൂറോപ്യൻ യാത്രയെക്കുറിച്ചുള്ള മുഴുവൻ വിവരണങ്ങളും അഭ്യാസി ബുള്ളറ്റിനിൽ ലഭ്യമാണ്. അതിനായി താഴെ തന്നിരിക്കുന്ന വെബ്സൈറ്റ് ഉപയോഗിക്കാവുന്നതാണ്:

https://www.sahajmarg.org/newsletter/sahaj-sandesh





## പ്രിസെപ്റ്റർമാരുടെ സെമിനാറുകൾ

### ജബൽപൂർ, മധ്യപ്രദേശ്

മേയ് 26 മുതൽ 30 വരെ ജബൽപൂർ സോണൽ ആശ്രമത്തിലെ ആറു സോണുകളിൽനിന്നുമുള്ള (എം.പി.(–8 എയും, 8 ബിയും), രാജസ്ഥാൻ (7 എയും, 7 ബിയും), ഛത്തീസ്ഗർ, മഹാരാഷ്ട്ര), 85 പ്രിഫെക്റ്റുകൾക്കായി ഒരു പ്രിഫെക്റ്റ് സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ഈ പരിപാടി മുഖ്യമായും പ്രിസെപ്റ്റർമാർ പുതിയ ഉത്തരവുകൾ പ്രകാരമുള്ള രീതികൾ എപ്രകാരം സ്വയം ഏറ്റെടുത്ത് നടത്തണം എന്ന വിഷയത്തിലൂന്നിക്കൊണ്ടായിരുന്നു. ഹാർട്ഫുൾനെസ്സ്, യു–കണക്റ്റ്, വിദൂര സിറ്റിംഗുകൾ, പ്രാർത്ഥനാപൂർവ്വമായ നിർദ്ദേശങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളോടൊപ്പം ആത്മാവലോകനം, സംഭാഷണരീതികൾ, ഹൃദയപൂർവ്വമുള്ള ശ്രദ്ധ, ബോധപൂർവ്വമായ ജീവിതചര്യകൾ, വിനയം എന്നിവയും ഉൾപ്പെടുത്തിയിരുന്നു.

എല്ലാ പ്രിസെപ്റ്റർമാരും അവരവരുടെ സെൻററുകളിൽ പുതിയ നിർദ്ദേശങ്ങളനുസരിച്ച്, പൂർണമായ ഭക്തിയോടുകൂടി ജോലികളിലേർപ്പെടാൻ ദൃഢനിശ്ചയം ചെയ്തതായി കാണപ്പെട്ടു.

### മീററ്, ഉത്തർപ്രദേശ്

മേയ് 30, 31 തീയ്യതികളിൽ മീററ്റിൽ സോൺ 12 എ – യിലെ (പടിഞ്ഞാറൻ യു.പി.) പ്രിസെപ്റ്റർമാർക്കായി നടത്തിയ വാർഷിക പ്രിസെപ്റ്റേർസ് മീറ്റിൽ 70 പേർ പങ്കെടുത്തു. ധ്യാനത്തിനുശേഷം നടന്ന പരിപാടികൾ 'പ്രിഫെക്റ്റ് ഒരു തീക്ഷണനായ അഭ്യാസി' എന്ന വിഷയത്തിൽ ഊന്നിക്കൊണ്ട് ആരംഭിച്ചു. നല്ലവണ്ണം ആസൂത്രണം ചെയ്യപ്പെട്ട പരിപാടികൾ പ്രിസെപ്റ്റർമാർക്ക് പുതിയ നിർദ്ദേശങ്ങളുടെ വിശദവിവരങ്ങൾ കൈമാറിക്കൊണ്ട് തുടർന്നു. അതിനുശേഷം ഹാർട്ഫുൾനെസ്സ്, യു–കണക്റ്റ്, പൊതുസദസ്സുകൾ, ഗാർഹിക യോഗങ്ങൾ എന്നീ വിഷയങ്ങളിൽ അവതരണങ്ങളും ഉണ്ടായിരുന്നു. സ്നേഹം, സാഹോദര്യം, വിനയം, അജ്ഞാതാവസ്ഥ, ഐക്യം എന്നിവയോടുകൂടിയ കാര്യനിർവ്വഹണം, 'പ്രിഫെക്റ്റുകളുടെ കർത്തവ്യങ്ങൾ', 'വിസ്പ്പേർസിൻെറ പ്രാധാന്യവും മൂല്യവും,' 'സ്വഭാവ രൂപീകരണം,' മുതലായ വിഷയങ്ങളും ഉൾക്കൊണ്ടിരുന്നു. തുടർന്ന് ഒരു ചോദ്യോത്തര വേളയുമുണ്ടായിരുന്നു. സെമിനാറിൽ ജി.ഐ.ടി.പി. പരിശീലനം, അഭ്യാസികൾ റിട്രീറ്റ് സെൻററുകളും ആശ്രമങ്ങളും സന്ദർശിക്കേണ്ടതിൻെറ പ്രാധാന്യം, ക്രെസ്റ്റ്, അക്കൗണ്ടിംഗ് പരിശീലനം എന്നിവയിൽ പങ്കെടുക്കുന്നതിന് പ്രചോദനം എന്നീ വിഷയങ്ങളും സെമിനാറിലുൾപ്പെടുത്തിയിരുന്നു. സഹോ.അശോക് കുമാർ ഗാർഗ് (സോണൽ ഇൻ ചാർജ്) സോണിലെ സെൻററുകൾ സന്ദർശിച്ചതിൻെറ വിവരങ്ങൾ പങ്കുവെക്കുകയും സെൻററുകളുടെ പുരോഗമനത്തിനായി നടത്തേണ്ട കാര്യങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു. അതിനുശേഷം വിശദീകരണങ്ങളും, സെൻററുകളുടെ അഭിവൃദ്ധിക്കായി പ്രിസെപ്റ്റർമാറുന്നയിച്ച പ്രശ്നങ്ങളും അടങ്ങിയ ഒരു യോഗവുമുണ്ടായിരുന്നു. ഉപസംഹാരയോഗത്തിൽ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുവാനായി പ്രിസെപ്റ്റർക്ക് അവസരം ലഭിച്ചു.

### പ്രിസെപ്റ്റർമാരാകാൻ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർക്കായുള്ള പരിപാടി, മണപ്പാക്കം

പത്താമത് പ്രിസെപ്റ്റർമാരെ തയ്യാറാക്കുന്ന പരിപാടി മേയ് 20 മുതൽ 26 വരെ ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ നടത്തപ്പെട്ടു. പരിശീലന പരിപാടിയിലൂടെ മൊത്തം 62 അപേക്ഷകരെ തിരഞ്ഞെടുത്തു– അതിൽ 20 പേർ മുൻപേതന്നെ പ്രിസെപ്റ്റർമാരായിരുന്നു– ബാക്കി 42 പേർ തയ്യാറാക്കപ്പെടുകയായിരുന്നു. ബഹു. കമലേഷ് ഭായ് പ്രത്യക്ഷസാന്നിധ്യം പരിപാടിയിലുണ്ടായിരുന്നില്ലെങ്കിലും, അദ്ദേഹത്തിൻെറ മാർഗ്ഗനിർദ്ദേശങ്ങളും സാന്നിധ്യവും വ്യക്തമായി അനുഭവപ്പെട്ടു. സഹോ.സി.രാജഗോപാലൻ പ്രാരംഭക സിറ്റിങ്ങുകൾ നൽകുകയും തുടർന്ന് പ്രിസെപ്റ്റർമാരുടെ ജോലികളെക്കുറിച്ച് വിവരിക്കുകയും ചോദ്യങ്ങൾക്കു മറുപടി നൽകുകയും ചെയ്തു.

വിവിധ യോഗങ്ങളിൽ സംവേദനം, സംഭാഷണത്തിലെ ധാർമ്മികത, പ്രിസെപ്റ്ററുടെ ജോലിയോടും ധ്യാനപദ്ധതിയോടുമുള്ള പ്രതിബദ്ധത, സഹജ മാർഗ്ഗത്തിൻെറ നീതിശാസ്ത്രം, മാനസികാവസ്ഥകൾ പഠിക്കൽ, വിനയം, പ്രിസെപ്റ്റർമാർക്കുള്ള പുതിയ നിർദ്ദേശങ്ങൾ, അജ്ഞാതാവസ്ഥയും നിസ്സാരതയും, ഹാർട്ട്ഫുൾനെസ്സ്(ഹൃദയനിർഭരം), ഭക്തിനിർഭരമായ നിർദ്ദേശങ്ങൾ മുതലായ വിഷയങ്ങൾ ഉൾപ്പെടുത്തിയിരുന്നു. മുമ്പേത്തന്നെ ജോലികൾ ചെയ്യാൻ സമ്മതം വാങ്ങിയിരുന്ന പ്രിസെപ്റ്റർമാർക്ക് പ്രത്യേക യോഗങ്ങളുണ്ടായിരുന്നു. ബഹുമാനപ്പെട്ട മാസ്റ്റർ 'ദൈവികമെന്നും കുലീനമെന്നും' വിശേഷിപ്പിച്ച ഈ ജോലി ചെയ്യുവാൻ ഒരു ലക്ഷ്യബോധവും സാഹോദര്യവും ഇവരിൽ ഉണ്ടായിരുന്നു.





## യു-കണക്ട്

### ഔറംഗബാദ്, മഹാരാഷ്ട്ര

യു കണക്ട് രൂപകല്പന ചെയ്ത സെൽഫ് ഡെവലപ്മെൻറ് പ്രോഗ്രാം(എസ്ഡിപി) 2014-15വർഷത്തിൻെറ രണ്ടാമത്തെ സെമസ്റ്ററിൽ ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് നടന്നു. ഏകദേശം 72 വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു.

ഈ പരിപാടിയുടെ അവസാന ഭാഗം മെയ് 23നു ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് നടത്തപ്പെട്ടു. റിലാക്സേഷൻ വിദ്യയുടെയും 10 മിനിട്ട് ധ്യാനത്തിൻെറയും ഒരു ഡെമോൺസ്ട്രേഷൻ ഒരു പ്രിസപ്റ്റർ നടത്തി. വിദ്യാർത്ഥികൾ വളരെയധികം താൽപര്യം കാണിക്കുകയും ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തു. അതിനു ശേഷം എസ്ഡിപിയിൽ പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

### ഇൻഡോർ, മധ്യപ്രദേശ്

എം പി സോൺ 8എയിലെ യു കണക്ട് വളൻറിയർമാർ ജൂൺ 14നു വിവിധ സെൻററുകളിലെ 50ഓളം വളൻറിയർമാർക്ക് വേണ്ടി ഒരു സോണൽ മീറ്റിംഗ് സംഘടിപ്പിച്ചു. കഴിഞ്ഞ അധ്യയന കാലത്ത് എസ്ഡിപി 6 കോളേജുകളിൽ നടത്തി - ഇൻഡോർ, ഭോപാൽ, ഗ്വാളിയോർ, വിദിഷ എന്നിവിടങ്ങളിൽ. നാലു കോളേജുകളിൽ എസ്ഡിപി പൂർത്തിയാക്കുകയും രണ്ടെണ്ണത്തിൽ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ആകെ 180 ഓളം വിദ്യാർത്ഥികൾ ഈ പരിപാടികളിൽ പങ്കെടുത്തു. വളൻറിയർമാർ തങ്ങളുടെ അനുഭവം വിദ്യാർത്ഥികളുമായി പങ്കുവെച്ചു. തങ്ങളുടെ ജീവിതത്തിലെ ആത്മീയശൂന്യത നികത്താൻ ഈ എസ്ഡിപികൾ പര്യാപ്തമായി എന്നവർ പറഞ്ഞു. മിഷൻ വളൻറിയർമാരുടെ സമർപ്പണവും നിസ്വാർത്ഥ സേവനവും അവരെ സ്പർശിച്ചു. കുറേ വിദ്യാർത്ഥികൾ സിറ്റിംഗ് എടുക്കുവാൻ പ്രചോദിതരായി. സന്നദ്ധ പ്രവർത്തകരുടെ ടീം, ടീം തിരഞ്ഞെടുക്കൽ, പ്രഭാഷകരേയും, സംഘാടകരേയും പരിശീലിപ്പിക്കൽ എന്നീ വിഷയങ്ങളിൽ ചില കുറുക്കുവഴികൾ പങ്കുവെക്കപ്പെട്ടു. എസ്ഡിപിയുടെ ഉള്ളടക്കത്തിൻെറ ലഘുവായ ഒരു അവലോകനം വളൻറിയർമാർക്കു വേണ്ടി അവതരിപ്പിക്കപ്പെട്ടു. ഹർധ, ഉജ്ജയിൻ, ഝബുവ എന്നീ മൂന്ന് പുതിയ സെൻററുകളിൽ ഇത്തരം പ്രവർത്തനങ്ങൾ തുടങ്ങാൻ തീരുമാനിച്ചു. പരിപാടി നടന്നുകൊണ്ടിരിക്കുന്ന സെൻററുകളായ ഇൻഡോർ, ഭോപാൽ എന്നിവിടങ്ങളിൽ നേരത്തെ സന്ദർശിച്ചിരുന്ന കോളേജുകളിലും കൂടാതെ പുതിയ കോളേജുകളിലും പരിപാടി നടത്താൻ തീരുമാനിച്ചു.

### ഫെസിലിറ്റേറ്റർ ട്രെയിനിംഗ് പ്രോഗ്രാം, ഹൊസൂർ, തമിഴ്നാട് (സോൺ 2എ)

70 അഭ്യാസികൾക്കു വേണ്ടി മെയ് 30-31 തീയതികളിൽ രണ്ടു ദിവസത്തെ ഫെസിലിറ്റേറ്റർ ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിക്കപ്പെട്ടു. ഈ പരിപാടിയിൽ സോൺ 2എയിലെ പല സെൻററുകളിൽ നിന്നുള്ള അഭ്യാസികളും സോൺ 2ബിയിൽ നിന്നും കർണ്ണാടകയിൽ നിന്നും കുറച്ചു അഭ്യാസികളും പങ്കെടുത്തു. യു കണക്ടിൻെറയും എസ് ഡി പിയുടെയും ആശയങ്ങൾ പരിപാടിയിൽ ഉൾപ്പടുത്തിയിരുന്നു. എല്ലാവരും സംഘചർച്ചകളിലും അവതരണത്തിലും സജീവമായി പങ്കെടുത്തു. ഒരു മോക്സെഷൻ നടത്തിയതിൽ കുറച്ച്പേർ വിഷയം അവതരിപ്പിക്കുകയും, ബാക്കിയുള്ളവർ കോളേജ് വിദ്യാർത്ഥികളുടെ ഭാഗം അഭിനയിക്കുകയും ചെയ്തു. ഇത് എല്ലാവരെയും തങ്ങളുടെ കർത്തവ്യത്തിൻെറ ഗൗരവത്തെപ്പറ്റി മനസ്സിലാക്കാൻ സഹായിക്കുകയും സർവ്വകലാശാലകളിലും കോളേജുകളിലും ഇതുപോലുള്ള പരിപാടികൾ നടത്തുമ്പോൾ അതിൽ ലീനമായ ഗാംഭീര്യത്തെപ്പറ്റി മനസ്സിലാക്കാൻ പ്രാപ്തരാക്കി. പരിപാടിയുടെ അവസാനം സോണൽ ഇൻചാർജ് സോൺ 2എക്കു വേണ്ടി യു കണക്ടിൻെറ ഒരു പ്രവർത്തന പദ്ധതി മുന്നോട്ടു വെച്ചു. യു കണക്ട് കോർ ടീമിലെ ഒരു നിരീക്ഷകൻെറ സാന്നിദ്ധ്യത്തിൽ ഫെസിലിറ്റേറ്റർമാർ പതിവായി കൂടുകയും അവതരണ ശേഷി പരിശീലിച്ച് ഉറപ്പിക്കുകയും ചെയ്യും. പരിശീലനം ലഭിച്ച ഫെസിലിറ്റേറ്റർമാർ ആവശ്യത്തിനു ആയിക്കഴിഞ്ഞാൽ കോളേജുകളും സർവ്വകലാശാലകളും സന്ദർശിച്ച് എസ്ഡിപി തുടങ്ങും.







## യുവജന പ്രവർത്തനങ്ങൾ

### വിരുദ്നഗർ, തമിഴ്നാട്, സോൺ 2ഡി

മേയ് 29–31 തിയതികളിൽ നടന്ന യുവജന സെമിനാറിൽ 73 അഭ്യാസികൾ പങ്കെടുത്തു, ഭൂരിഭാഗവും സോൺ 2ഡിയിൽ നിന്നുള്ളവരായിരുന്നു. ഹൃദയനിർഭരം(Heartfulness), ലക്ഷ്യ നിർണ്ണയം, സാധന, സേവനം, ആത്മാവലോകനം, സ്വഭാവം തുടങ്ങിയ വിവിധ വിഷയങ്ങളെ ആസ്പദമാക്കി നടത്തിയ ചർച്ചകൾ യുവാക്കളുടെ ഉത്സാഹപൂർവ്വമായ പങ്കാളിത്തത്തോടെ നടന്നു. ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യതിനോടൊപ്പം സന്നദ്ധസേവനത്തിലും അവർ ഏർപ്പെട്ടു.

അന്നന്നത്തെ ചർച്ചകൾ അവലോകനം ചെയ്യുവാനും അടുത്ത ദിവസത്തെ പരിപാടികളെക്കുറിച്ച് ഒരു ധാരണയുണ്ടാക്കുവാനുമായി എല്ലാവരും അത്താഴത്തിനു മുമ്പ് ഒത്തുകൂടി.

മാസ്റ്റർമാരെ കുറിച്ചുള്ള വീഡിയോ പ്രദർശനം കൂടാതെ, സ്വാമി വിവേകാനന്ദൻെറ ജീവിതത്തെ ആസ്പദമാക്കി നിർമ്മിച്ച ഒരു സിനിമയും പ്രദർശിപ്പിച്ചു. സെമിനാറിൻെറ അന്ത്യത്തിൽ, ഇത്തരം അവസരം ഒരുക്കിയതിൽ മാസ്റ്ററോട് തങ്ങളുടെ കൃതജ്ഞത അവർ രേഖപ്പെടുത്തി.

### വത്സാദ്, ഗുജറാത്ത്, സോൺ 6ബി

'ഇവിടെ ഇപ്പോൾ' എന്ന ആശയം അടിസ്ഥാനമാക്കി വത്സാദ് ആശ്രമത്തിൽ ജൂൺ 13–14 തിയതികളിൽ സോൺ തലത്തിൽ നടത്തിയ സെമിനാറിൽ 43 യുവാക്കൾ ഉത്സാഹത്തോടെ പങ്കെടുത്തു. ഫെബ്രുവരിയിൽ വഡോദര ആശ്രമത്തിൽ നടന്ന പരിപാടിയുടെ തുടർച്ചയായാണ് ഇത് നടത്തിയത്. മനോഭാവം, 'ഹൃദയനിർഭരം', ആത്മാവലോകനം, സേവന സന്നദ്ധത, സമയ വിനിയോഗം, ഭണ്ഡാര തുടങ്ങിയവ ചർച്ചയ്ക്ക് വിധേയമാക്കി. പ്രാർത്ഥനാപൂർവ്വമായ നിർദ്ദേശങ്ങൾ, ഡയറി എഴുതലിലൂടെ അവനവൻെറ അവസ്ഥയെ കൂടുതൽ അറിയൽ എന്നീ പരിപാടിയിൽ പങ്കെടുത്തവർ ഉത്സാഹപൂർവ്വം അവ പ്രയോജനപ്പെടുത്തി. ഒരു മണിക്കൂറോളം യുവാക്കൾ ആശ്രമത്തിൽ സന്നദ്ധസേവനം നടത്തി.

'സാധന മേം ഡൂബിയേ', 'നീഡ് ഓഫ് ടൈം', പത്തു പ്രമാണങ്ങൾ, '50 Years of Splendour' തുടങ്ങിയ ഡിവിഡികൾ പ്രദർശിപ്പിച്ചു.

ആദ്ധ്യാത്മികതയെന്ന സാഹസികയാത്രയിൽ ഒരു പടി മുന്നേറാൻ ഈ സെമിനാറിൽ പങ്കെടുത്തവർക്കെല്ലാം കഴിഞ്ഞു. അതോടൊപ്പം തുടർന്ന് നന്നായി പരിശീലിക്കുവാനും കൂടുതൽ ഉത്സാഹത്തോടെ പരിണമിക്കുവാനും ഇതിൽ പങ്കെടുത്തവർ 'ഇപ്പോൾ ഇവിടെ വെച്ച്' തീരുമാനമെടുത്തു.

### മാധ്യമ പരിശീലന ശിൽപശാല, മുംബൈ

പൻവേൽ ആശ്രമത്തിൽ എട്ടോളം യുവാക്കൾ പത്തു ദിവസം നീണ്ടു നിന്ന ഒരു മാധ്യമ പരിശീലന പരിപാടിയിൽ പങ്കെടുത്തു. മിഷൻെറ വിവിധ പദ്ധതികളിൽ യുവാക്കളെ സന്നദ്ദസേവനത്തിനു പാകപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ ഈ പരിപാടി, മാധ്യമമേഘലയിലെ വിവിധവശങ്ങൾ കണക്കിലെടുത്ത് "സ്വയം ചെയ്യുക" എന്ന ആശയത്തെയടിസ്ഥാനമാക്കിയിട്ടുള്ളതായിരുന്നു. മാധ്യമ മേഖലയിൽ വരുന്ന എല്ലാ സിദ്ധാന്തങ്ങളും പ്രായോഗികതയും ഇതിൽ ഉൾപ്പെടുത്തിയിരുന്നു. ചർച്ചയ്ക്കായുള്ള വിഷയങ്ങളെ അടിസ്ഥാനമാക്കി പങ്കെടുത്തവർക്ക് പ്രോജക്റ്റുകളും അഭ്യാസ പാഠങ്ങളും നൽകിയിരുന്നു. അതിൽ നിശ്ചല ഛായാഗ്രഹണം, സിനിമാറ്റോഗ്രാഫി, ഒന്നിലധികം ക്യാമറകൾ ഉപയോഗിച്ച് ഇൻർവ്യൂ പകർത്തൽ, സ്റ്റുഡിയോ ലൈറ്റിംഗ്, സംവിധായകൻെറ വീക്ഷണകോൺ, ഡബ്ബിംഗ് തുടങ്ങിയ വിഷയങ്ങൾ ഉണ്ടായിരുന്നു. ഒരു മാധ്യമ പ്രവർത്തകൻെറത് തിരക്കു പിടിച്ച ജീവിതമായിരിക്കുമെന്നതു കൊണ്ട് ഒരു ഫിസിയോതെറാപ്പിസ്റ്റിൻേറയും ഒരു ഡയറ്റീഷ്യൻേറയും സവിശേഷ പ്രഭാഷണങ്ങളും ഉണ്ടായിരുന്നു. പങ്കെടുത്തവരുടെ അഭിനയ മികവ് പരിശോധിക്കുന്നതിനും പ്രവൃത്തിപരമായ മികവിലേക്ക് എങ്ങനെയെത്താം എന്ന് കാണിച്ചുകൊടുക്കുന്നതിനുമായി 'ഉള്ളു കൊണ്ട് രുചിച്ചറിയുക' എന്ന ഒരു പ്രോജക്റ്റ് നൽകി. സിനിമ എന്ന മേഖലയെ കുറിച്ചറിയുവാൻ ഈ പരിപാടി ഏറെ സഹായിച്ചു.



## വാർത്താശകലങ്ങൾ

### ഭിൽവാഡ, രാജസ്ഥാൻ



പത്തു പ്രമാണങ്ങളെ അധികരിച്ച് ജൂൺ 7ന് 43 അഭ്യാസികൾക്കായി ഒരു പരിശീലനക്കളരി സംഘടിപ്പിച്ചു. കഥകളിലൂടെയും ഉദാഹരണങ്ങളിലൂടെയും പ്രമാണങ്ങൾ വിശദീകരിച്ചു. ആദ്ധ്യാത്മികത തേടുന്നവർ അവശ്യമായി പിന്തുടരേണ്ട ഒന്നാണ് പത്തുപ്രമാണങ്ങളെന്ന് ഉറപ്പിക്കുവാൻ ഈ പരിപാടി സഹായകമായി. ഓരോ പ്രമാണത്തിൻെറയും പ്രാധാന്യം വിശദമായി മനസ്സിലാക്കുവാൻ അഭ്യാസികൾക്ക് കഴിഞ്ഞു



### ഹുബ്ലി, കർണ്ണാടക

ജൂൺ 13–14 തിയതികളിൽ കന്നഡ ഭാഷയിൽ 'മനന' എന്ന ദ്വിദിന പരിപാടി നടത്തി. ഹുബ്ലി, ധാർവാഡ്, ബേലൂർ, നവനഗർ, കല്ലൂർ, ഗുൽബർഗ തുടങ്ങിയ സെൻററുകളിൽനിന്നുള്ള അഭ്യാസികൾ ഇതിൽ പങ്കെടുത്തു പരിശീലനത്തിൻെറ വിവിധ വശങ്ങൾ ആഴത്തിൽ ഇവിടെ ചർച്ച ചെയ്തു. പങ്കെടുത്ത അഭ്യാസികൾക്കെല്ലാം ഈ പരിപാടി പ്രയോജനപ്രദമായി.



### സിറോ, അരുണാചൽ പ്രദേശ്

മൂന്നു ദിവസം നീണ്ടു നിന്ന ഒരു GITP പരിശീലനക്കളരി ഏപ്രിൽ 17–19 തിയതികളിൽ ആശ്രമത്തിൽ വെച്ച് നടത്തി. ഡയറി എഴുതൽ, ധ്യാനം, ശുദ്ധീകരണം തുടങ്ങിയവ വിശദീകരി ക്കപ്പെട്ടു. ഇറ്റാനഗർ, ബോംഡില്ല, പാസിഘട്ട്, നഹർലഗോൺ, രാഗ, അനീനി, ടേംഗ, ഡൂലങ്ങ്, വടക്കെ ലക്കിമ്പൂർ, തീൻസുകിയ എന്നീ സെൻററുകളിലെ 50ൽ അധികം അഭ്യാസികൾ ഇതിൽ പങ്കെടുത്തു.

### ഖരഗ്പൂർ, പശ്ചിമബംഗാൾ



'മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലേയ്ക്കൊരു എത്തിനോട്ടം' എന്ന വിഷയത്തെ അധികരിച്ച് ഏപ്രിൽ 20–22 തിയതികളിൽ ഖരഗ്പൂരിൽ നടത്തിയ ഒരു ദ്വിദിന പരിപാടിയിൽ ഏകദേശം 150 വിദ്യാർത്ഥികൾ പങ്കെടുത്തു. കളികളിലൂടെ നമുക്കു കുറച്ചു മൂല്യങ്ങൾ പഠിക്കാം' എന്നായിരുന്നു പ്രതിപാദ്യ വിഷയം. രണ്ടു നിമിഷം നിശ്ശബ്ദമായിരുന്നും, വിശ്രാന്തിക്കായുള്ള പരിശീലനം നടത്തിയും പരിപാടി തുടങ്ങി. കളിതമാശകളിലൂടെ ആറ് അടിസ്ഥാനപരമായ മൂല്യങ്ങൾ അവർക്ക് പരിചയപ്പെടുത്തി. വിനയം, സ്നേഹം, നിർഭയത്വം, ആത്മാർത്ഥത, ഉത്തരവാദിത്വം, അച്ചടക്കം തുടങ്ങിയവയാണവ. വിദ്യാർത്ഥികൾ ഉത്സാഹപൂർവ്വം പങ്കെടുക്കുകയും പ്രതികരിക്കുകയും ചെയ്തു. 'ദി ലെജൻറ് ഓഫ് ഇന്ത്യ', 'വോക്ക് ദി ടോക്ക്' തുടങ്ങിയ വീഡിയോകൾ വിദ്യർത്ഥികൾക്ക് സ്വീകാര്യമായി. സന്തോഷകരവും സജീവവുമായ അന്തരീക്ഷത്തിലാണ് പരിപാടി നടന്നത് സ്കൂൾ അധികൃതർ നൽകിയ സഹകരണം പ്രശംസനീയം തന്നെയായിരുന്നു.

# കുട്ടികൾക്കായുള്ള വേനൽക്കാല ക്യാമ്പുകൾ

വേനൽ അവധി മുന്നിൽ കണ്ട് ആശ്രമങ്ങളിലെ കുട്ടികളുടെ സെൻററും ആശ്രമത്തിലെ മറ്റു സന്നദ്ധസേവകരും വേനൽക്കാല ക്യാമ്പുകൾ ആവേശകരമാക്കുവാൻ തിരക്കിട്ട് ആസൂത്രണങ്ങൾ നടത്തുകയായിരുന്നു. കുട്ടികളെ സന്തോഷിപ്പിക്കുവാനും അതേ സമയം അവരുടെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് സഹായകമായ മൂല്യങ്ങൾ അവരിൽ ഉണർത്താനും ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്തിരുന്നു. സന്നദ്ധ സേവകരെ തിരക്കിലാക്കി കൊണ്ട് കുട്ടികൾ കൂട്ടത്തോടെ ഈ ക്യാമ്പുകളിൽ പങ്കെടുത്തു. 6–10 പ്രായത്തിലുള്ള കുട്ടികൾ കൂടുതലായും ചിത്രരചന തുടങ്ങിയ പരിപാടികളിലായിരുന്നു പങ്കെടുത്തത്: പങ്കുവെക്കൽ, കരുതൽ എന്നീ മൂല്യങ്ങൾ അവരിൽ വളർത്തുവാൻ ഈ പരിപാടി ഉപകരിച്ചു. 11–16 പ്രായത്തിലുള്ള കുട്ടികൾക്ക് കൂടുതൽ ഗൗരവമേറിയതും ആത്മീയതയുമായി ബന്ധപ്പെട്ടതും, സമൂഹികവും ജീവിതത്തിൻെറ പ്രായോഗികമായ വശങ്ങളെ സ്പർശിക്കുന്നതുമായ വിഷയങ്ങളായിരുന്നു ഉണ്ടായിരുന്നത്. ദിവസവും രാവിലെയുള്ള വ്യായാമം, വിശ്രാന്തി, തമാശ നിറഞ്ഞ കളികൾ എന്നിവയിൽ ഏർപ്പെട്ടിരുന്നതിനാൽ ദിവസം മുഴുവൻ അവർ ഊർജ്ജസ്വലരും ഉത്സാഹമുള്ളവരുമായിരുന്നു. ഭാവിയിൽ തങ്ങളെ നയിക്കുവാൻ സഹായകമാവുന്ന ആനന്ദപൂരിതമായ ഹൃദയം, ഒത്തൊരുമ, തുറന്ന മന:സ്ഥിതി, മൂല്യങ്ങൾ എന്നിവയുള്ളവരായി കുട്ടികൾ തിരിച്ചു പോകണമെന്ന ഉദ്ദേശ്യത്താൽ സന്നദ്ധ സേവകർ തങ്ങളുടെ ഏറ്റവും മികച്ച പ്രയത്നം സ്നേഹത്തോടെയും ആത്മാർത്ഥതയോടെയും കാഴ്ച്ച വെച്ചു. വേനൽക്കാല ക്യാമ്പുകളെക്കുറിച്ചുള്ള വിവരങ്ങൾ അഹമ്മദാബാദ്, അലഹബാദ്, മുംബൈ, സിതാപൂർ തുടങ്ങിയ സെൻററുകളിൽനിന്നും ഇവിടെ ലഭിച്ചിട്ടുണ്ട് ഈ ക്യാമ്പുകളിലെ ദൃശ്യങ്ങൾ താഴെ കാണാം.

















## ഹൃദയനിർഭരം (Heartfulness) പരിപാടികൾ

താത്പ്പര്യമുള്ളവർക്ക് പൊതുസദസ്സുകളിലൂടെ സഹജമാർഗം എത്തിച്ചുകൊടുക്കാനുള്ള ഒരു വഴിയാണ് 'ഹൃദയനിർഭരം' പരിപാടികൾ. പരിശീലനം ഒറ്റയടിക്കു പെട്ടെന്നു തുടങ്ങുന്നതിനു പകരം അവരവരുടെ ഗതിവേഗതക്കനുസരിച്ച് പരിശീലനം ആരംഭിക്കാൻ ഇതു വഴി കഴിയും. ഹൃദയനിർഭര വിശ്രാന്തി എന്ന സാങ്കേതിക പദ്ധതിവഴിയാണ് ഹൃദയത്തിലുള്ള ധ്യാനം ആരംഭിക്കുന്നത്. ശരീരത്തിനു വിശ്രാന്തി നൽകുന്നതോടൊപ്പം മനസ്സുപയോഗിച്ച് ധ്യാനം എങ്ങിനെ പരിശീലിക്കാം എന്നത് പ്രായോഗികമയി ചെയ്തു കാണിച്ചു തരുന്നു. യഥാർത്ഥത്തിൽ 'സരളമായ പദ്ധതി' എന്ന ആശയത്തോട് ബന്ധപ്പെടുത്തി സഹജമാർഗ തത്വങ്ങൾ വളരെ ലളിതമായ വിധത്തിൽ ഇവിടെ വിവരിച്ചുകൊടുക്കുന്നു. ഉദാഹരണമായി സത്സംഗം എന്നതിനു പകരം ധ്യാനം, ആശ്രമം എന്നതിനു പകരം ധ്യാനകേന്ദ്രം, പ്രിസെപ്റ്റർ എന്നതിനു പകരം പരിശീലകർ, അഭ്യാസി എന്നതിനു പകരം ധ്യാനിക്കുന്നവർ എന്നീ പദങ്ങളാണിവിടെ ഉപയോഗിക്കുന്നത്. ഉള്ളിൽ നിന്നു വരുന്ന പ്രചോദനങ്ങളും നിർദ്ദേശങ്ങളും ശ്രവിച്ച് കാര്യങ്ങൾ പഠിക്കുന്നതിനെ അടിസ്ഥാനമാക്കിയാണ് ഹൃദയനിർഭര പരിപാടി പ്രവർത്തിക്കുന്നത്. ഹൃദയത്തിൽ ധ്യാനം വഴി മനസ്സിനെ ഉപയോഗിച്ച് ഹൃദയത്തെ കൃത്യപ്രക്ഷേപണ നിലയിലാക്കാനുള്ള ഒരു പരിശീലനമുറയാണിത്.

ഇന്ത്യയിലും പുറം രാജ്യങ്ങളിലും ഹൃദയനിർഭര പരിപാടി നടക്കുന്നുണ്ട്. ചില റിപ്പോർട്ടുകളും ഫോട്ടോകളും താഴെ കൊടുത്തിരിക്കുന്നു. ഈ ക്ലാസുകളിലെല്ലാം ഹൃദയനിർഭര വിശ്രാന്തിയും ധ്യാനവും അതിൽ പങ്കെടുക്കുന്നവർക്കുവേണ്ടി നടത്താറുണ്ട്.

### അജ്മീർ, രാജസ്ഥാൻ

മെയ് 28-ന് റാം ഗംജിലെ ജിയാലാൽ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂടിൽ നടത്തിയ ഒരു മണിക്കൂർ നീണ്ടുനിന്ന പരിപാടിയിൽ നൂറിലധികം പേർ പങ്കെടുത്തു. ആത്മീയ മനോഭവത്തോടുകൂടിയ ഒരു സമ്പൂർണ്ണ വളർച്ചയാണ് യുവാക്കൾക്കാവശ്യം എന്ന് അജ്മീർ CIC ഭഗവൻ സഹായ് ഊന്നിപ്പറഞ്ഞു. ക്രിയാത്മകമായ ആത്മീയ ഉദ്യമത്തിലേക്ക് യുവാക്കളുടെ ഊർജ്ജം തിരിച്ചുവിടേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം സംസാരിച്ചു.

### അൽവർ, രാജസ്ഥാൻ

മെയ് 23-ന് ലക്ഷ്മിദേവി ഇൻസ്റ്റിറ്റ്യൂട് ഓഫ് എഞ്ചിനീയറിംഗ് ആൻറ് ടെക്നോളജിയിൽ നടത്തിയ പരിപാടിയിൽ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ജീവനക്കാർ ഉൾപ്പെടെ ഏകദേശം 150 പേർ പങ്കെടുത്തു. പരിപാടിക്കുശേഷം എല്ലാവരും പരിശീലനം തുടങ്ങാൻ താത്പ്പര്യം പ്രകടിപ്പിച്ചു.

### ബിക്കാൻഗാവ്, മധ്യപ്രദേശ്

ഇൻഡോറിൽ നിന്ന് ഏകദേശം 150 കി. മീ ദൂരത്താണ് ഈ പുതിയ കേന്ദ്രം സ്ഥിതിചെയ്യുന്നത്. ഇവിടെ നടത്തിയ പരിപാടിയിൽ 70 പേർ പങ്കെടുത്തു. പരിപാടിക്കു ശേഷം 16 പേർ പരിശീലനം തുടങ്ങി. ബിക്കാൻഗാവയിൽ ഞായറാഴ്ച്ചകളിൽ സത്സംഗവും തുടങ്ങി.

### പോലീസ് ട്രെയ്നിംഗ് അക്കാദമി, ഭൗരി, മധ്യപ്രദേശ്

ഏപ്രിൽ 22-24 തിയ്യതികളിൽ പോലീസ് പരിശീലനത്തിനു വന്നവരും ജീവനക്കാരും ഉൾപ്പെടെ 190 പേർ ധ്യാനം ആരംഭിച്ചു. ട്രെയ്നിങ്ങിനു വന്നവരിൽ സബ് ഇൻസ്പെക്റ്റർമാർ, പ്ലാറ്റൂൺ കമാണ്ടർമാർ, സ്പെഷൽ ബ്രാഞ്ച് സബ് ഇൻസ്പെക്റ്റർമാർ, QD ബ്രാഞ്ച് സബ് ഇൻസ്പെക്റ്റർമാർ എന്നിവരും ഉണ്ടായിരുന്നു. ഞായറാഴ്ച്ചത്തെ സത്സംഗം അക്കാദമിയിൽ തന്നെ നടക്കുന്നു. അവരുടെ ട്രെയിനിംഗ് സമയത്തു തന്നെ ധ്യാനം പരിശീലിക്കാൻ വേണ്ട സഹായങ്ങൾ ഭോപ്പാൽ കേന്ദ്രത്തിലെ CIC ചെയ്തു കൊടുക്കും.









**താനെ, മഹരാഷ്ട്ര**

താനെയിലെ വസന്ത് വിഹാർ പ്രദേശത്ത് താമസിക്കുന്നവർക്കായി ഒരു ശിൽപ്പശാല നടത്തി. ഇതിൽ 20 മുതൽ 75 വയസ്സുവരെ പ്രായമുള്ള തത്പ്പരരായ 75 പേർ പങ്കെടുത്തു. എല്ലാവർക്കും ഹൃദയനിർഭര ധ്യാനത്തിൻെറ കാർഡും, വിശ്രാന്തി പരിശീലനത്തിനുള്ള മാർഗനിർദ്ദേശവും, താനെയിലുള്ള എല്ലാ പ്രിഫെക്റ്റ്മാറുടെ മേൽവിലാസവും നൽകി.

**പാലൻപൂർ, ഗുജറാത്ത്**

മെയ് 18-ന ഗുജറാത്ത് വാട്ടർ സപ്ലൈ ആൻഡ് സ്യുവെജ് ബോർഡിലെ 60 ജീവനക്കാരെ അഹമദാബാദിലെ സഹോ. അനീഷ് ധ്യാനം പരിശീലിപ്പിച്ചു. അവർ സഹജമാർഗത്തെപ്പറ്റി കൂടുതൽ അറിയാൻ താത്പ്പര്യപ്പെട്ടു. ചിലർ ഇതിൽ ചേരാൻ താത്പ്പര്യം കണിച്ചു. അവർക്കെല്ലാവർക്കും പ്രിഫെക്റ്റിൻെറ ടെലിഫൊൺ നമ്പർ നൽകി.

**പടിഞ്ഞാറ് രാജസ്ഥാൻ**

ഈ സോണിലെ (7A) പല സ്ഥലങ്ങളിലും ശിൽപ്പശാലകൾ നടത്തി. പങ്കെടുത്ത പലർക്കും തങ്ങൾക്ക് ഉപയോഗമുള്ളതും, ആന്തരീകആനന്ദം നൽകുന്നതുമായ എന്തോ ഒന്ന് ഇതിലുണ്ടെന്ന് മനസ്സിലായി. താത്പ്പര്യമുള്ളവർ അവരുടെ ഫോൺ നമ്പർ തന്നിട്ടുണ്ട്. പ്രിസെപ്റ്റർമാർ ഇൻ്റ്രോഡക്റ്ററി സിറ്റിംഗ് നൽകി വരികയാണ്.

**ജലോർ:** മെയ് 9-ന ബി. എഡ്. കോളേജിലെ 70 പേർക്ക് ആദ്യത്തെ ക്ലാസ് നടത്തി. രണ്ടാമത്തെ ക്ലാസ് മെയ് 20-ന ഡിസ്റ്റ്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട് ഓഫ് എഡ്യുക്കേഷൻ ആൻറ് ടീചിംഗിൽ വെച്ചാണ് നടത്തിയത്. അതിൽ 110 പേർ പങ്കെടുത്തു.

**പദമ്പുർ:** ശ്രീ ഗംഗനഗർ എന്ന ജില്ലയിലെ പദമ്പുർ-ലെ ഷഹീദ് ക്യാപ്റ്റൻ നവ്ജോത് സിംഗ് സിദ്ധു സീനിയർ സെക്കൻഡറി സ്കൂളിൽവച്ച് ജൂൺ 3-ന 200 അദ്ധ്യാപകർക്കായി ഒരു പരിപാടി നടത്തി.

**സുജംഗാർഹ്:** ജൊധ്പൂരിലെ അനിലിൻെറയും സുജംഗാർഹ്-ലെ താരാചന്ദിൻേറയും മേൽനോട്ടത്തിൽ മെയ് 17-ന താരാചന്ദിൻെറ കൂട്ടുകാർ, ബന്ധുക്കൾ, സഹപ്രവർത്തകർ എന്നിവരടങ്ങിയ 70 പേർക്ക് ഒരു ക്ലാസ് നടത്തി. 16 പേർ പരിശീലനം ആരംഭിച്ചു.

**സിരോഹി:** മെയ് 22-ന ഭട്ടക്കട സ്കൂളിൽ വച്ച് താത്പ്പര്യമുള്ള 19 പേർക്ക് ഒരു ക്ലാസെടുത്തു.

**തിരുച്ചി, തമിഴ്നാട്**

ഒക്റ്റോബർ 2014 മുതൽ തിരുച്ചിയിലെ പ്രിഫെക്റ്റ്മാർ അഭ്യാസികളുടെ വീടുകളിൽ വച്ച് ഗൃഹസദസ്സുകൾ നടത്താൻ തുടങ്ങി. അഭ്യാസികളുടെ വീടിനു ചുറ്റുമുള്ളവർക്ക് മിഷനെപ്പറ്റി ബോധം സൃഷ്ടിക്കുകയായിരുന്നു ഇതിൻെറ ഉദ്ദേശ്യം. മാർച്ച് 15 ആയപ്പോഴേക്കും 14 ഗൃഹസദസ്സുകളും 3 പൊതുസദസ്സുകളും നടത്തിയിരുന്നു. ഏപ്രിൽ മുതൽ മെയ് വരെ 5 ഗൃഹസദസ്സുകളും 2 പൊതുസദസ്സുകളും നടത്തിയിരുന്നു.

**ബെംഗളൂരു, കർണാടക**

ഐക്യരാഷ്ട്രസംഘടനയുടെ അന്തർദേശീയ യോഗ ദിനമായ ജൂൺ 21-ന നഗരത്തിൽ വിവിധ സ്ഥലങ്ങളിൽ പൊതുസദസ്സുകൾ സംഘടിപ്പിച്ചു. കഴിയുന്നത്ര ജനങ്ങൾക്ക് ബാനറുകൾ, പോസ്റ്ററുകൾ, ക്ഷണക്കത്തുകൾ എന്നിവ വിതരണം ചെയ്യാൻ വളണ്ടിയർമാർ പ്രയത്നിച്ചു. 3 ആശ്രമങ്ങളിലും ഹാജർ നില ഉയർന്നതായിരുന്നു. മറ്റു സ്ഥലങ്ങളിൽ പൊതുജനങ്ങളും പങ്കെടുത്തു. ഏകദേശം 300 പേർ പങ്കെടുത്തു. 200 പേർ പരിശീലനം തുടങ്ങും.




## യോഗാശ്രമം, ഡെറാഡൂൺ, ഉത്തരാഖണ്ട്

## പ്രകാശകേന്ദ്രം





1989 ജൂണിലെ ഒരു ഞായറാഴ്ച മുതലാണ് ആറു സ്ഥിരമായ അഭ്യാസികളുമായി ഒരു അഭ്യാസിയുടെ വീട്ടിൽ വെച്ച് സത്സംഗം ആരംഭിച്ചത്. ക്രമേണ അഭ്യാസികളുടെ എണ്ണം വർദ്ധിക്കുകയും 2000–2001 സമയത്ത് ആശ്രമ ഭൂമിക്കായി അന്വേഷണം ആരംഭിക്കുകയും ചെയ്തു.

**മാസ്റ്ററുടെ സന്ദർശനങ്ങൾ**

പൂജ്യ ചാരിജി മഹരാജ് 1995 മുതൽ 2005 വരെ അടിക്കടി ഡെറാഡൂൺ സന്ദർശിച്ചിരുന്നു. 2001 നവമ്പറിലെ സന്ദർശന വേളയിൽ അദ്ദേഹത്തിനെ തിരഞ്ഞെടുത്ത മൂന്നു സ്ഥലങ്ങൾ കാണിക്കുകയും അദ്ദേഹം പോന്ധയിലെ സ്ഥലം അംഗീകരിക്കുകയും ചെയ്തു.

19 നവമ്പർ 2003–ൽ മാസ്റ്റർ ആശ്രമത്തിന് തറക്കല്ലിടുകയും തുടർന്ന് ഉടനെതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 11 ജൂൺ 2004–ൽ അദ്ദേഹം നിർമ്മാണ പ്രവർത്തനം നേരിട്ട് കാണുവാനെത്തി. ചാരിജി മഹരാജ് ഫെബ്രുവരി 7, 2005–ൽ ഉദ്ഘാടനം നടത്തി. ആശ്രമത്തിൻെറ പേര് 'യോഗാശ്രം' എന്ന് അദ്ദേഹം അംഗീകരിച്ചു.

ആശ്രമത്തിന് 1.07 ഏക്കർ ഭൂമിയുണ്ട്. അത് ഡറാഡൂൺ റെയിൽവെ സ്റ്റേഷനിൽനിന്നും സിറ്റി സെൻററിൽനിന്നു മേകദേശം 15 കി.മി. അകലെ ഡറാഡൂണിലെ പോന്ധ എന്ന ശാന്തമായ ഗ്രാമത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഡറാഡൂണും ഹിമാചൽ പ്രദേശും കൂടി ചേരുന്ന NH 72–ൽ നിന്നും 3 കി.മി. ദൂരെയാണ്. യൂണിവേർസിറ്റി ഓഫ് പെട്രോലിയത്തിലേക്ക് സിറ്റിയിൽനിന്നുള്ള റോഡ് ആശ്രമത്തിൻെറ മുമ്പിലൂടെ പോകുന്നു.



**സൗകര്യങ്ങൾ**

ഹാളിനു മുമ്പിൽ 7 അടി വീതിയിലുള്ള വരാന്തയോടു കൂടിയ 40X60 അടി വലുപ്പമുള്ള മനോഹരമായ ധ്യാനമന്ദിരം ഉണ്ട്. അതിൽ മൈക്ക്സെറ്റ്, പ്രോജക്റ്റർ, ഇന്‌വെർട്ടർ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. തുറന്ന വരാന്തയിൽ കോണിപ്പടിയുടെ ചുവട്ടിലായി ഒരു ലൈബ്രറി ഒരുക്കിയിട്ടുണ്ട്.ധ്യാനമന്ദിരത്തിനു മുൻവശത്തുള്ള പുൽത്തകിടിയും അങ്ങിങ്ങായി നിൽക്കുന്ന വൃക്ഷങ്ങളും ആശ്രമത്തിന് മാറ്റു കൂട്ടുന്നു. 30X30 അടി വലുപ്പമുള്ള ഭക്ഷണശാലയും രണ്ടു മുറിയോടു കൂടിയ അടുക്കളയുമുണ്ട്. എല്ലാ ഞായറാഴ്ചയും അഭ്യാസികൾ തയ്യാറാക്കിയ പ്രഭാത ഭക്ഷണം സത്സംഗത്തിനു ശേഷം വിതരണം ചെയ്യുന്നുണ്ട്. ഒരു ശൗചാലയ നിര, സ്റ്റോർ, കാവൽക്കാരനുള്ള മുറി എന്നീ സൗകര്യങ്ങളും ചെറിയ സ്ഥലത്ത് പാർക്കിംഗ് സൗകര്യവുമുണ്ട്.. കുഴൽക്കിണറിൽനിന്നും ലഭിക്കുന്ന ജലം കുടിക്കാനുതകുന്നതും ആശ്രമത്തിൻെറ ആവശ്യങ്ങൾക്ക് പര്യാപ്തവുമാണ്.

**പ്രവർത്തനങ്ങൾ**

മാസത്തിലെ എല്ലാ ആദ്യ ഞായറാഴ്ചയും ഉച്ച വരെ പരിപാടികൾ ഉണ്ടാകും.ആദ്യ ഞായറാഴ്ചകളിൽ വികാസ് നഗർ,ജോളി ഗ്രാൻറ് സബ് സെൻററുകളിലെ അഭ്യാസികൾ പങ്കെടുക്കും.നമ്മുടെ ആദരണനീയ ഗുരുക്കന്മാരുടെ ജന്മദിനങ്ങൾ ഉത്സാഹത്തോടെ ആഘോഷിക്കപ്പെടു ന്നുണ്ട്. ഡറാഡൂണിലെ വിവിധ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് അഖിലേന്ത്യ ഉപന്യാസ രചനയുടെ സമ്മാന വിതരണം എല്ലാ വർഷവുംഇവിടെ നടത്തുന്നു.

ഞായറാഴ്ചകളിൽ അഭ്യാസികളുടെ എണ്ണം ക്രമേണയായി വർദ്ധിക്കുന്നു എന്നത് പ്രോത്സാഹജനകമാണ്.ഹാജർ നില 100 എത്തിയതിനെ ഞങ്ങൾ കാണുന്നത് ഡറാഡൂൺ ക്രമേണ ഒരു വലിയ സെൻറർ ആകുന്നുവെന്നതായിട്ടാണ്.

To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2015 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.